**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 535** | **30-01-2024 - ൽ മറുപടിയ്ക്ക്**

**കിഫ്ബി മുഖേന ചെലവഴിച്ച തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സാമ്പത്തിക വർഷം നാളിതുവരെ കിഫ്ബി മുഖേന ചെലവഴിച്ച തുക എത്രയാണെന്നും ഇത് ആകെ ബജറ്റ് വിഹിതത്തിന്റെ എത്ര ശതമാനമാണെന്നും അറിയിക്കാമോ? | (എ) | ഈ സാമ്പത്തിക വർഷം ജനുവരി 30 വരെയുള്ള കണക്കുകൾ അനുസരിച്ച്, ആകെ 3890.40 കോടി രൂപയാണ് കിഫ്ബി മുഖേന പദ്ധതികൾക്കായി ചെലവഴിച്ചിട്ടുള്ളത്. കിഫ്ബി പദ്ധതികൾക്കായി ചെലവഴിക്കുന്ന പണം ബജറ്റിൽ പ്രത്യേകം പദ്ധതികൾക്കായി വകയിരുത്തുന്ന തുകയല്ല. ധനവിപണിയിൽ നിന്നും വിവിധ സ്രോതസ്സുകളിലൂടെ വായ്പകളായി പണം കണ്ടെത്തി അത് പദ്ധതികൾക്കായി വിനിയോഗിക്കുകയാണ് കിഫ്ബി ചെയ്യുന്നത്. കിഫ് ആക്ട് അനുസരിച്ച് ആന്വിറ്റി മാതൃകയിൽ സർക്കാരിൽ നിന്നും ലഭ്യമാക്കുന്ന മോട്ടോർ വെഹിക്കിൾ ടാക്സ്/ പെട്രോളിയം സെസ്സ് എന്നിവ പ്രയോജനപ്പെടുത്തി ഈ വായ്പകളുടെ തിരിച്ചടവ് ഉൾപ്പടെയുള്ള മറ്റ് ചെലവുകൾ നടത്തി വരുന്നു. 2023-24 സമ്പത്തിക വർഷത്തിൽ ആകെ 3,230.25 കോടി രൂപ കിഫ് ആക്ട് പ്രകാരം കിഫ്ബിയ്ക്ക് സർക്കാരിൽ നിന്നും ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ